LIBRARY ARCHIVES Kerala Legislative Assembly

ചെറുതന പി. എച്ച്. സി. യിലെ വാർഡിന്റെ പ്രവർത്തനം

156 [1750] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചെറുതന പി. എച്ച്. സി. യിൽ ഐ.പി. വാർഡ് ഉദ്ഘാടനം ചെയ്തിട്ടും വാർഡിന്റെ പ്രവർത്തനം തുടങ്ങാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വാർഡിന്റെ പ്രവർത്തനം തുടങ്ങുന്നതിനായി പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്;

(ഡി) ഐ. പി. വാർഡിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഡി) അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാവുന്ന മുറയ്ക്ക് ഐ.പി. വാർഡ് പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കിടത്തി ചികിത്സ അനുവദിച്ചിട്ടുള്ള പി.എച്ച്.സി. കൾ

157 [1751] *ശ്രീ. സി. മോയീൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പി.എച്ച്.സി. കളിൽ കിടത്തി ചികിത്സ അനുവദിച്ചിട്ടുണ്ട്;

(ബി) ഏതൊക്കെ പി.എച്ച്.സി. കളിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്;

(സി) പി. എച്ച്. സി. കളിൽ കിടത്തി ചികിത്സ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഭൗതിക സാഹചര്യങ്ങൾ നിലവിലുള്ള പി.എച്ച്.സി. കളിൽ കിടത്തി ചികിത്സ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?